GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/11/2026

1. മൂല്യവർധിത ഹോർട്ടികൾച്ചർ ഉൽപ്പന്നങ്ങളുടെ സെക്കൻഡറി പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകുന്നു. പദ്ധതിയുടെ ആകെ ചെലവ് ഒരു കോടി രൂപയാണ്. ഇതിന് 35 ശതമാനം സബ്സിഡി ലഭിക്കും. വായ്പാബന്ധിത സാമ്പത്തിക സഹായമായാണ് പദ്ധതി

നടപ്പാക്കുന്നത്. താൽപര്യമുള്ള കർഷകർ, കർഷക കൂട്ടായ്മകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (FIG), രജിസ്റ്റർഡ് സൊസൈറ്റികൾ, സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ നടപടികൾക്കുമായി പഞ്ചായത്ത് തലത്തിൽ കൃഷിഭവനുകളുമായും ജില്ലാ തലത്തിൽ ജില്ലാ ഹോർട്ടികൾച്ചർ മിഷനുമായും സംസ്ഥാന തലത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷനുമായും ബന്ധപ്പെടേണ്ടതാണ്.

2. വാഴയിലെ പോഷകക്കുറവിനാൽ വരുന്ന വിവിധ അപാകതകളിൽ നിന്നും രക്ഷനേടാൻ ഉപയോഗിക്കുന്ന 'അയർ' 50 % സബ്സിഡി നിരക്കിൽ നെയ്യാറ്റിൻകര കൃഷിഭവനിൽ ലഭ്യമാണ്. ആവശ്യമുള്ളവർ 2026-27 വർഷത്തെ കരം അടച്ച രസീതും ആധാർകാർഡിന്റെ പകർപ്പുമായി കൃഷിഭവനിൽ എത്തിച്ചേരണമെന്ന് കൃഷിഭവൻ അധികൃതർ അറിയിച്ചു.

3. റബ്ബർബോർഡിന് കീഴിലുള്ള നാഷണൽ ഇസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എ.ഐ.ആർ.റ്റി.) റബ്ബർപ്ലാന്റേഷൻ മാനേജ്മെന്റിൽ ഒരു വർഷത്തെ പിജി ഡിപ്ലോമ കോഴ്സ് നടത്തുന്നു. കൃഷി, സസ്യശാസ്ത്രം, ബോട്ടണി, ഹോർട്ടികൾച്ചർ, ഫോറസ്ട്രി എന്നിവയിലേതിലെങ്കിലും ബിരുദം നേടിയവർക്ക്

ഈ കോഴ്സിന് അപേക്ഷിക്കാം. പ്ലാന്റേഷൻമേഖല, കാർഷികമേഖല, റബ്ബറുത്പാദകസംഘങ്ങൾ, കമ്പനികൾ, ഫാം പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ എന്നിവയിലേതിലെങ്കിലും ജോലി ചെയ്യുന്നവരും ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവരുമായ പ്രൊഫഷണലുകൾക്കും അപേക്ഷിക്കാൻ അർഹതയുണ്ട്. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയശേഷം കൃഷി, ഫാക്ടറി മാനേജ്മെന്റ്, ഫാം മാനേജ്മെന്റ് എന്നിവയിലേതിലെങ്കിലും മൂന്നുവർഷത്തെ പ്രവൃത്തിപരിചയമുള്ളവർക്കും ഈ കോഴ്സിൽ ചേരാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2026 നവംബർ 15 ആണ്. വിശദാംശങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ ലഭ്യമാണ്. കോഴ്സിന് രജിസ്റ്റർ ചെയ്യുന്നതിന് ഉദ്യോഗാർത്ഥികൾക്ക് വെബ്സൈറ്റിൽ ലഭ്യമായ ലിങ്ക് ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0481- 2353127, 6238092175 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. പ്രകൃതി കൃഷി, മട്ടുപ്പാവ് കൃഷി, മില്ലറ്റ് ഉൽപന്ന നിർമാണം, സോപ്പ് നിർമാണം തുടങ്ങി വിവിധ മേഘലയിൽ ഗാന്ധി സെന്റർ ഫോർ റൂറൽ ഡവലപ്മെന്റും സ്വദേശി ട്രസ്റ്റും ചേർന്ന് പരിശീലനം നൽകുന്നു. പട്ടം മരപ്പാലത്തുള്ള സ്വദേശി കേന്ദ്രത്തിൽ നവംബർ 15 വരെയാണ് പരിശീലനം. ഈ ദിവസങ്ങളിൽ നാടൻ ഉൽപന്ന പ്രദർശനവും

ഉണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് 9447154338, 9995544552 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല മണ്ണുത്തി വെറ്ററിനറി കോളേജിൽ നടത്തുന്ന 'സർട്ടിഫൈഡ് പ്രൊഫഷണൽ ഡോഗ് ട്രെയിനിങ് പ്രോഗ്രാമി'ന്റെ രണ്ടാം ബാച്ചിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. നവംബർ 9 ന് ബാച്ച് ആരംഭിക്കും. അനുസരണം, ഗ്രൂമിങ്, ഡിറ്റക്ഷൻ, ട്രാക്കിങ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകുന്ന കോഴ്സ് 30 പ്രവൃത്തി ദിവസം (ആറാഴ്ച) നീളും. ഒരു ബാച്ചിൽ 20 പേർക്കാണ് പ്രവേശനം. പത്താം ക്ലാസാണ് യോഗ്യത. പ്രായപരിധിയില്ല. സ്വന്തം നായ്ക്കുട്ടിയുമായോ അല്ലാതെയോ പങ്കെടുക്കാം. പരീക്ഷ വിജയിക്കുന്നവർക്ക് സർവകലാശാലയുടെ സർട്ടിഫിക്കറ്റ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9605860005 ഫോൺ നമ്പറിൽ ബന്ധപ്പെടുക.